**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൊച്ചി കോർപ്പറേഷനും പദ്ധതി നിർവ്വഹണ ഏജൻസിയായ M/s.ജി.ജെ എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പുവച്ചിട്ടുള്ള Concession Agreement ഭേദഗതി ചെയ്ത് Lease Agreement ആയി പരിവർത്തനം ചെയ്യുന്നതിന് നിർദ്ദേശം നൽകികൊണ്ടുള്ള സംസ്ഥാനതല ഉപദേശക സമിതി തീരുമാനം നടപ്പിലാക്കുന്നതിനെതിരെയുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൌൺസിലിന്റെ 29.04.2019-ലെ തീരുമാനം നം.76 റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്**

**G.O.(Rt)No.144/2020/LSGD** തീയതി,തിരുവനന്തപുരം, **16/01/2020**

---

പരാമർശം:- 1 04.01.2016-ലെ സ.ഉ.(എം.എസ്)നം.01/2016/ത.സ്വ.ഭ.വ.

2 23.09.2017-ലെ സ.ഉ (സാധാ) നം.3122/2017/ത.സ്വ.ഭ.വ.

3 മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാന തല ഉപദേശക സമിതിയുടെ 12.12.2018-ൽ ചേർന്ന ഇരുപതാമത് യോഗത്തിലെ തീരുമാനം

4 കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ 29.04.2019-ലെ കൗൺസിൽ തീരുമാനം നം.76

5 കൊച്ചി മുനിസിപ്പൽ കോർപറേഷൻ സെക്രട്ടറിയുടെ 02.05.2019-ലെ MOE2/6224/14 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി KITCO സമർപ്പിച്ച M/s.ജി.ജെ നേച്ചർ കെയർ കൺസോർഷ്യത്തിന്റെ പ്രൊപ്പോസൽ പരാമർശം (1) പ്രകാരം സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മപുരത്ത് വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും പദ്ധതി നിർവ്വഹണ ഏജൻസിയായ M/s.ജി.ജെ എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ 17.02.2016-ന് Concession Agreement ഒപ്പുവയ്ക്കുകയും ചെയ്തിരുന്നു. ഈ Concession Agreement ഭേദഗതി ചെയ്ത് Lease Agreement ആയി പരിവർത്തനം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് M/s.ജി.ജെ എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചു. ചീഫ് സെക്രട്ടറി അധ്യക്ഷനായി പരാമർശം (2) പ്രകാരം രൂപീകരിച്ചിട്ടുള്ള മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാനതല ഉപദേശക സമിതി (SLAC)യുടെ 12.12.2018-ൽ ചേർന്ന ഇരുപതാമത് യോഗം ഈ വിഷയം പരിഗണിക്കുകയും പ്രസ്തുത Concession Agreement ഭേദഗതി ചെയ്ത് Lease Agreement ആയി പരിവർത്തനം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ പരാമർശം (3) പ്രകാരം

നിർദ്ദേശം നൽകുകയും ചെയ്തു.

2. സംസ്ഥാനതല ഉപദേശക സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൊച്ചി കോർപ്പറേഷനും പദ്ധതി നിർവ്വഹണ ഏജൻസിയായ M/s.ജി.ജെ എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പുവച്ച Concession Agreement, Lease Agreement ആക്കി ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ 22.12.2018-ന് ചേർന്ന കൊച്ചി കോർപ്പറേഷൻ കൗൺസിൽ മുൻപാകെ അജണ്ടയിൽ ഉൾപ്പെടുത്തി സമർപ്പിച്ചുവെങ്കിലും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രൊപ്പോസൽ പരിഗണിക്കുന്നതിന് കോർപ്പറേഷൻ കൗൺസിൽ തീരുമാനമെടുത്തു. തുടർന്ന് 25.03.2019-ൽ ചേർന്ന ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി Concession Agreement, Lease Agreement ആയി പരിവർത്തനം ചെയ്യുന്നത് പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. 29.04.2019-ൽ ചേർന്ന കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രസ്തുത തീരുമാന (25.03.2019--ലെ ഒന്നാം നമ്പർ തീരുമാനം) പ്രകാരമുള്ള ശുപാർശ പരാമർശം (4) പ്രകാരം അംഗീകരിച്ചു. കൊച്ചി മുനിസിപ്പൽ കോർപറേഷൻ സെക്രട്ടറി പരാമർശം (5) പ്രകാരം മേൽ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 57(ഡി) പ്രകാരം plans, schemes, programmes, conditions of grants എന്നിവയെ സംബന്ധിച്ച സർക്കാരിന്റെ മാർഗ്ഗരേഖകൾ ലംഘിക്കപ്പെടുന്ന പക്ഷം സർക്കാരിന് ആയതിന് ആധാരമായ മുനിസിപ്പൽ കൌൺസിലിന്റെ resolution, decision എന്നിവ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്. കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി M/s.ജി.ജെ നേച്ചർ കെയർ കൺസോർഷ്യം സമർപ്പിച്ച പ്രോജക്റ്റ് അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും പദ്ധതി നിർവ്വഹണ ഏജൻസിയായ M/s.ജി.ജെ എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പുവച്ച Concession Agreement ഭേദഗതി ചെയ്ത് Lease Agreement ആയി പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല ഉപദേശക സമിതിയുടെ പരാമർശം (3)-ലെ തീരുമാനം നടപ്പിലാക്കുന്നതിനെതിരെയുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൌൺസിലിന്റെ പരാമർശം (4)-ലെ തീരുമാനം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 57(ഡി) പ്രകാരം റദ്ദാക്കുന്നു. മാലിന്യ സംസ്കരണം സംബന്ധിച്ച സർക്കാർ പോളിസി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത Concession Agreement ഭേദഗതി ചെയ്ത് Lease Agreement ആയി പരിവർത്തനം ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകികൊണ്ടുള്ള ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല ഉപദേശക സമിതിയുടെ പരാമർശം (3)-ലെ തീരുമാനം നടപ്പിലാക്കാൻ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 58 പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

T K JOSE

ADDITIONAL CHIEF SECRETARY

മേയർ / സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപറേഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി
മാനേജിങ് ഡയറക്ടർ, ജി ജെ എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ്, സരയു കോംപ്ലെക്സ്, സീ പോർട്ട് - എയർ പോർട്ട് റോഡ് , കാക്കനാട്, കൊച്ചി 682030
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ് മെന്റ് കോർപറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/GSSA/ERSA)) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.01.17 12:22:34 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്